## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 369** **28.05.2019 - ൽ മറുപടിക്ക്.**

## രോഗികൾക്കും വികലാംഗർക്കും വിധവകൾക്കും ബി.പി.എൽ കാർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സജി ചെറിയാൻ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എ.പി.എൽ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള പാവപ്പെട്ടവരെ ആയതിൽ നിന്നും ഒഴിവാക്കി ബി.പി.എൽ -ൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതു പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.17 ലെ സ.ഉ (സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) രോഗികൾ, വികലാംഗർ, വിധവകൾ എന്നിവരുടെ കാർഡുകൾ ബി.പി. എൽ ആക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും | സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.<br><br>ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും |

സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു.

മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരും എന്നാൽ മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും എന്നിവർ ഉൾപ്പെട്ട കുടുംബങ്ങളെ പരിശോധിച്ച് എ.എ.വൈ / മുൻഗണനാ മാനദണ്ഡങ്ങളിൽപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**(സി)** ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ എ.പി.എൽ. കാർഡിലുള്ള പാവപ്പെട്ടവർ ബി.പി.എൽ ആക്കാനായി നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം എടുക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** പ്രസ്തുത അപേക്ഷകളിന്മേൽ എന്ന് തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ?

**(സി)** **യും** **(ഡി)** ഉണ്ട്. ഇപ്പോൾ നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെട്ടവരുടെ കാർഡുകൾ മാറ്റി നൽകിയതിനുശേഷം പുതുതായി ലഭിച്ച അപേക്ഷകളിൻമേൽ തീരുമാനം എടുക്കുന്നതിനും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതിനും കഴിയും.

**സെക്ഷൻ ഓഫീസർ**